# സ്നേഹത്തോടെ മലർവാടിക്ക്...



## മികച്ച കത്ത്

ഈ ലക്കത്തിലെ സമ്മാനാർഹമായ കത്ത് എഴുതിയത് **നൈന മെഹറിൻ പി.വി** ആണ്. കത്തെഴുതിയ കൂട്ടുകാർക്കെല്ലാം മലർവാടിയുടെ അഭിനന്ദനങ്ങൾ.

മലർവാടിയെ പറ്റി ഒരു മാസം മുമ്പ് വരെ ഞാൻ കേട്ടിരുന്നില്ല. മലർവാടി സംഘടിപ്പിച്ച ലിറ്റിൽ സ്കോളർ കിസ് മൽസരത്തിൽ ഞാൻ പങ്കെടുത്തിരുന്നു. അന്നു മുതൽ ഞാൻ മലർവാടി വീട്ടിൽ വരുത്താൻ തുടങ്ങി.

ആദ്യപേജുകളിലെ മലർമൊഴി എനിക്ക് നല്ല ഇഷ്ടമാണ്. താൽപര്യത്തോടെ ഞാനത് വായിക്കാറുണ്ട്. നല്ല ഉപദേശങ്ങളിലൂടെ നൻമയിലേക്ക് നയിക്കുന്നു അത്.

**നാജിയ നസ്റിൻ**, ക്ലാസ് - 6
ജി.എച്ച്.എസ്, ഇരുളം
പുൽപ്പള്ളി, വയനാട്

പ്രിയപ്പെട്ട മലർവാടീ,

നിന്റെ ലക്കങ്ങൾ ഞങ്ങൾ വളരെ ആവേശപൂർവമാണ് വായിക്കുന്നത്. നവംബർ 16 ലക്കം മലർവാടിയിൽ വന്ന ആമിയുടെ കഥ ഞാൻ അനിയത്തിക്ക് പറഞ്ഞു കൊടുത്തപ്പോൾ അവൾക്കത് വളരെ ഇഷ്ടപ്പെട്ടു.

ആമിയുടെ നിഷ്കളങ്കതയും ചേച്ചിയുടെ സ്നേഹവും കഥയെ പൂർണ്ണരൂപത്തിലെത്തിച്ചിരിക്കുന്നു. ചാവക്കാട്ടെ കടലാമകൾ എന്ന ലേഖനവും ഇഷ്ടപ്പെട്ടു. കടലാമയെ പറ്റി ഇതുവരെ വായിച്ചറിയാത്ത പല കാര്യങ്ങളും ഈ ലേഖനത്തിൽ നിന്ന് മനസ്സിലാക്കി. മലർവാടിക്ക് എല്ലാവിധ നൻമകളും നേരുന്നു.

**സ്വബാഹ നസ്റിൻ എം.പി**, ക്ലാസ് - 9
ബ്രദേഴ്സ് എച്ച്.എസ്.എസ്, മാവണ്ടിയൂർ

സ്നേഹം നിറഞ്ഞ മലർവാടിക്ക്,

മാസത്തിൽ രണ്ടുതവണ മലർവാടിയിൽ വരുന്ന അറിവുകൾ നുകർന്നും ഉല്ലസിച്ചും നടക്കാം എന്ന സന്തോഷത്തിലാണ് ഞാനും കൂട്ടുകാരും. അറിവിന്റെ നിറങ്ങളാൽ മനം കവരുന്ന മലർവാടിയിലൂടെ ലോകോത്തര ക്ലാസിക്കുകളിലേക്ക് കണ്ണോടിക്കാൻ എനിക്ക് കഴിഞ്ഞു.

കഥകളും കവിതകളും വായിക്കുമ്പോൾ എന്റെ മനസ്സിലെ ചിന്ത ചില പ്രത്യേക ആളുകൾക്കേ അവ രചിക്കാനാവൂ എന്നായിരുന്നു. എന്നാൽ പൂമൊട്ടിൽ പരിചയമുള്ളവരുടെ രചനകൾ വന്നപ്പോഴാണ് അതിന് എനിക്കും കഴിയുമെന്ന് മനസ്സിലായത്.

ചിത്രകല മുമ്പേ എനിക്ക് വളരെ ഇഷ്ടമായിരുന്നു. ഞാൻ വരച്ചാൽ ഭംഗിയാവില്ല എന്ന് ധരിച്ച് ഞാൻ ഉൾവലിഞ്ഞു. വരക്കാൻ പഠിക്കാം എന്ന പംക്തിയിൽ പോൾ സാറിന്റെ ഉപദേശങ്ങൾ എനിക്ക് ചിത്രം വരക്കാൻ പ്രചോദനമാകന്നുണ്ട്.

**നൈന മെഹറിൻ പി.വി**
ക്ലാസ് - 8
ക്രസന്റ് എച്ച്.എസ്.എസ്
വാണിമേൽ



**നിങ്ങളുടെ കത്തുകൾ**
**മലർവാടി ദ്വൈവാരിക, ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്- 12. കൂടാതെ** malarvadimag@gmail.com **എന്ന ഇമെയിലിലും 8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.**

▸▸ വിരലുകളില്ലെങ്കിലും നഖങ്ങളുള്ള ഒരേയൊരു മൃഗം – ആന